No. 2662/E1/2016/CBL

## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 743 — 10.02.2016-ൽ മറുപടിക്ക്.

### സ്വകാര്യ മേഖലയിലെ തൊഴിലാളികളുടെ വേതനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം. ഹംസ | ശ്രീ.ഷിബു ബേബി ജോൺ<br>തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി |
| (എ) സ്വകാര്യ ആശുപത്രികൾ, സ്റ്റാർ ഹോട്ടലുകൾ മുതലായ സ്വകാര്യ സ്ഥാപനങ്ങളിൽ ജോലി ചെയ്തു വരുന്ന അസംഖ്യം തൊഴിലാളികളുടെ വേതനം വർദ്ധിപ്പിക്കുന്നതിനും, വർദ്ധിപ്പിച്ച വേതനം തൊഴിലാളികൾക്ക് ലഭിക്കുന്നു എന്നുറപ്പ് വരുത്തുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ; | (എ) സ്വകാര്യ മേഖലയിലെ ആശുപത്രികളിലെ ജീവനക്കാർക്ക് 05.11.2013–ലെ സ.ഉ. (കൈ) നം. 135/13/തൊഴിൽ പ്രകാരവും സ്റ്റാർ ഹോട്ടലുകളിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാർക്ക് 13.12.2011-ലെ സ.ഉ. (അച്ചടി) നം. 180/11/തൊഴിൽ ഉത്തരവ് പ്രകാരവും മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. ആയത് പുതുക്കി നിശ്ചയിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ സ്വകാര്യ സ്ഥാപനങ്ങളിൽ പരിശോധന നടത്തി മിനിമം വേതനമുൾപ്പെടെ വിവിധ തൊഴിൽ നിയമ പ്രകാരമുള്ള ആനുകൂല്യങ്ങൾ ജീവനക്കാർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താറുണ്ട്. കൂടാതെ സംസ്ഥാനത്തെ സ്വകാര്യ മേഖലയിലെ വിവിധ തൊഴിൽ രംഗങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വേതനം ബാങ്ക് വഴി നൽകുന്നതിനായുള്ള "വേതന സുരക്ഷാ പദ്ധതി" തിരുവനന്തപുരം ജില്ലയിൽ നടപ്പാക്കി കഴിഞ്ഞു. മറ്റുള്ള ജില്ലകളിൽ നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ തൊഴിൽ വകുപ്പിൽ പുരോഗമിച്ചു വരുന്നു. ഇതിന്റെ ഭാഗമായി 1958-ലെ കേരള മിനിമം വേതന ചട്ടങ്ങളിൽ ഭേദഗതി വരുത്തി സർക്കാർ വിജ്ഞാപനവും പുറപ്പെടുവിച്ചിട്ടുണ്ട്. |

| | |
|---|---|
| (ബി) ഈ സർക്കാരിന്റെ കാലയളവിൽ സ്വകാര്യ മേഖലയിലെ ചൂഷണം സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചു; എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കാമോ? | (ബി) ഈ സർക്കാരിന്റെ കാലയളവിൽ സ്വകാര്യ മേഖലയിലെ ചൂഷണം സംബന്ധിച്ച് ലഭിച്ച പരാതികളുമായി ബന്ധപ്പെട്ട വിശദ വിവരങ്ങൾ ശേഖരിച്ച് സമർപ്പിക്കുന്നതാണ്. സ്വകാര്യ സ്ഥാപനങ്ങളിൽ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ സ്ക്വാഡ് പരിശോധനകൾ നടത്തുമ്പോഴും മറ്റ് വകുപ്പുകളു മായി ചേർന്ന് ജോയിന്റ് ഇൻസ്പെക്ഷൻ നടത്തുമ്പോഴും ശ്രദ്ധയിൽപ്പെടുന്ന നിയമ ലംഘനങ്ങളുടെയടിസ്ഥാനത്തിൽ സ്ഥാപന മാനേജ്മെന്റുകൾക്കെതിരെ ക്ലെയിം പെറ്റീഷനുകളും പ്രോസിക്യൂഷനുമുൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിക്കാറുണ്ട്. 2014-15 കാലയളവിൽ വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർ നടത്തിയ പരിശോധനയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

(signature)
സെക്ഷൻ ഓഫീസർ

അനുബന്ധം

| Inspections, Prosecutions and Convictions of Various Labour Laws for the period 2014-15 | | | | |
|---|---|---|---|---|
| Sl. No. | Name of Enactments | No. of Inspections | Prosecutions | Convictions |
| 1 | Kerala Shops & Commercial Establishments Act 1960 | 62453 | 1520 | 1194 |
| 2 | Minimum Wages Act, 1948 | 39739 | 1504 | 1224 |
| 3 | Kerala Industrial Establishments (N&F) Holidays Act 1958 | 5955 | 51 | 16 |
| 4 | Contract Labour (Regulation & Abolition) Act, 1970 | 1961 | 18 | 9 |
| 5 | Maternity Benefit Act 1961 | 5708 | 123 | 66 |
| 6 | Inter State Migrant Workers (Regulation of Employment & Conditions of Service) Act, 1979 | 1724 | 0 | 0 |

സെക്ഷൻ ഓഫീസർ